ശ്രീ. ആർ. ശങ്കർ : മനപ്പൂർവ്വമായി മാനേജ്മെൻറ് കുഴപ്പം സൃഷ്ടിക്കുകയാണെങ്കിൽ അവരുടെ മേൽ നടപടിയെടുക്കുന്നതിന യാതൊരു പ്രയാസവുമില്ല. അതോടൊപ്പം അദ്ധ്യാപകരുടെ ഈ സ്ട്രൈക്കും അങ്ങേയറ്റം നിരുൽസാഹപ്പെടുത്തുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : മാനേജ്മെൻറിൻെറ കുഴപ്പംകൊണ്ട് സ്ട്രൈക്കിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണെങ്കിൽ അവരുടെമേൽ നടപടിയെടുക്കുന്നതോടൊപ്പം ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൊണ്ട് കുഴപ്പം വരുകയാണെങ്കിൽ അവരുടെമേലും കർശനമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഉദ്യോഗസ്ഥന്മാർ അവരുടെ കർത്തവ്യം ശരിക്കു നിറ്റ്വഹിക്കുന്നില്ലെങ്കിൽ അവരുടെമേൽ നടപടി സ്വീകരിക്കുവാൻ നേരത്തെ തന്നെ ഉള്ളതാണ്. അതനുസരിച്ചു പ്രവർത്തിക്കുന്നതാണ്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പ്രതിവർഷം 22,000 രൂപ ഫീസു വരവും, പതിനായിരം രൂപ അദ്ധ്യാപകരുടെ ശമ്പള ഇനത്തിൽ ചെലവും ഇരിക്കേ അദ്ധ്യാപകന്മാരുടെ ദുസ്സ്ഥിതി മനസ്സിലാക്കിക്കൊണ്ട് മാനേജ്മെൻറ് തന്നെ ശമ്പളം കൊടുക്കുന്നതിനുവേണ്ട ഏർപ്പാട് ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : വസ്തുതകൾ നേരെ മനസ്സിലാക്കാതെയാണ് പറയുന്നത്. മാനേജ്മെൻറിനു ശമ്പളം കൊടുക്കുവാൻ വിരോധമില്ല. എത്രയെന്നു അറിഞ്ഞിട്ടുവേണ്ടേ കൊടുക്കുവാൻ? ഫീസ് കളക്ടറുചെയ്തെടുത്താൽ ശമ്പളം മാത്രം കൊടുത്താൽ മതിയെന്നു ധരിച്ചിരിക്കുകയാണോ ? മറ്റു പല ചെലവുകളും ഉണ്ട്. ഇവിടെ ഈ കാളേജിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇതു മലബാർ ഏരിയായിലുള്ളതാണ്. മദ്രാസിലെ ഏർപ്പാട് അനുസരിച്ചു ഗ്രാൻറ് ഇൻ എയ്ഡ് പ്രകാരം ഒരിക്കലും മിനിമം സാലറി കൊടുത്തിട്ടില്ല. പുതിയ കേരളാ റൂൾസ് വന്നപ്പോഴാണ് ഈ കാളേജിൻെറ കാര്യം കണക്കിലെടുത്തത്. അതു പ്രകാരം ഗ്രാൻറ്സ് കമ്മീഷനാണ് ഫിക്സ് ചെയ്യേണ്ടതു്. അതിൻെറ ചുമതല യൂണിവേഴ്സിറ്റിക്കാണ്. മിനിമം സാലറി കൊടുക്കുവാൻ കഴിയും. അതിൻെറ അടിസ്ഥാനത്തിൽ അദ്ധ്യാപകർ ഒത്തുതീർപ്പിനു സന്നദ്ധമായിട്ടുണ്ട്.

കടിശ്ശിക വരുത്തിയിട്ടുള്ള സൊസൈറ്റികൾക്കെതിരായ നടപടി

* 890. [31] ശ്രീ. പി. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ആകെ എത്ര ഹാൻഡ്ലൂം ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സൊസൈറ്റികൾക്കു വായ്പയായി അനുവദിച്ച സംഖ്യ എത്ര ;

(സി) കടിശ്ശിക വരുത്തിയിട്ടുള്ള സൊസൈറ്റികൾക്കെതിരായി റവന്യൂ റിക്കവറി ആക്ടനുസരിച്ച് നടപടി എടുക്കുവാൻ ജില്ലാ കളക്ടർമാർക്കു ഗവണ്മെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു് സൊസൈറ്റികളുടെ അധഃപതനത്തിനു കാരണമാകുമെന്ന വസ്തുത പരിഗണിച്ച് നിർദ്ദേശം പിൻവലിക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 12

(ബി) സാമ്പത്തികവർഷം 1962–63 അവസാനം വരെ 9,13,814 രൂ. വായ്പയായി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) പണം തിരിച്ചടയ്ക്കുന്നതിനെപ്പറ്റി ഓരോ സൊസൈറ്റിയും ഗവണ്മെൻറുമായി ഒരു ഉടമ്പടി ഉണ്ടായിട്ടുണ്ട്. അതു പ്രകാരം തവണകൾ മുടക്കിയാൽ റവന്യൂ റെക്കവറി ആക്ടു പ്രകാരം നടപടി നടത്താവുന്നതാണ്. അതുകൊണ്ട് ആ നടപടികൾ പിൻവലിക്കേണ്ട ആവശ്യമില്ല.

ശ്രീ. പി. മാധവൻ : റവന്യൂ റെക്കവറി ആക്ടു് അനുസരിച്ചുള്ള നടപടികൾ സൊസൈറ്റികളുടെ പേരിൽ കർശനമായി നടത്തുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. അങ്ങനെ ചെയ്യുന്നതു സൊസൈറ്റികളുടെ അധഃപതനത്തിനു കാരണമായിത്തീരുകയില്ലേ ? അതുകൊണ്ട് അതു നിറുത്തിവയ്പ്പാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ അതിനെറ വിവരങ്ങൾ പറഞ്ഞു. ഇതു ഗവണ്മെൻറ് ലോണായിട്ടു സൊസൈറ്റികൾക്കു കൊടുത്തതാണ്. ഇതു് ഇൻഡ്യാഗവണ്മെൻറിൽനിന്നും കിട്ടുന്ന ലോണാണ്. അതുകൊണ്ടു തിരിച്ചടയ്ക്കുന്നതിനുള്ള തവണകൾ മുടക്കം വരുത്തിയാൽ റവന്യൂ റെക്കവറി ആക്ടനുസരിച്ചുള്ള നടപടികൾ സ്വീകരിക്കും. എന്നാൽ ഏതെങ്കിലും സൊസൈറ്റിയുടെ കാര്യത്തിൽ പ്രത്യേക പരിഗണന ആവശ്യമാണെന്നും അവയ്ക്കു അനിവാര്യമായ കാരണങ്ങളാൽ പണം അടയ്ക്കാൻ സാധിക്കാതെ വന്ന എന്നും കണ്ടാൽ അവയുടെ പേരിൽ നടപടി നടത്തുന്ന കാര്യത്തിൽ കുറെ സാവകാശം കൊടുക്കുകയും ചെയ്യാൻ ഗവണ്മെൻറ് തയ്യാറാണ്.

ശ്രീ. എം. കൃഷ്ണൻ : കോഴിക്കോട്ടജില്ലയിൽപ്പെട്ട ചെമ്പാൽ കേരളാ ഹാൻറ്ലൂം ഇൻഡസ്ട്രിയൽ കോവാപ്പറേറീവു് സൊസൈറ്റി ഗവണ്മെൻറിലേക്കു ലോണിനു അപേക്ഷിച്ചിട്ട്, അപേക്ഷിച്ച സംഖ്യ മുഴുവൻ അനുവദിച്ചുകൊടുക്കാത്തതിനാൽ അതിൻെറ പ്രവർത്തനം സ്തംഭനാവസ്ഥയിലായിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ ലോൺ മുഴുവനായി അനുവദിച്ചുകൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ കാര്യം ഞാൻ പരിശോധിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : സൊസൈറ്റികളിൽനിന്നും ഇങ്ങോട്ടു കിട്ടേണ്ടതായ പണം പിരിക്കുന്നതിനു കർശനമായ നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുന്നു എന്നു പറഞ്ഞു. അതു തരക്കേടില്ലാ. എന്നാൽ ഈ ഹാൻറ്ലൂം കോവാപ്പറേറീവു് സൊസൈറ്റികൾക്കു അങ്ങോട്ടു കൊടുക്കേണ്ട റിബേറു തുടങ്ങിയിട്ടുള്ള തുകകൾ കൊടുത്തുതീർക്കാതെ ഇനിയും ബാക്കി കിടക്കുകയാണ്. അതു അങ്ങോട്ടു കൊടുത്തുതീർക്കുന്നതിനു വല്ല അടിയന്തിരനടപടിയും എടുക്കുമോ ; അല്ലെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും കൊടുക്കേണ്ടതായ സംഖ്യകൾ അഡ്ജസ്റ്റു ചെയ്യുന്നതിനു വേണ്ടി വല്ല നടപടിയുമെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അഡ്ജസ്റ്റു ചെയ്യുന്നതിനുള്ള നടപടികളെടുക്കാൻ സാധിക്കുകയില്ല. അതേപ്പറ്റി ഞാൻ വളരെ വിശദമായി ഇതിനു മുമ്പു പറഞ്ഞിട്ടുള്ളതാണ്. റിബേറു കൊടുക്കുന്നതിനു അനുവദിച്ചിരുന്ന തുക മുഴുവൻ കൊടുത്തിട്ടുണ്ട്. ഇനിയും ബാക്കിയുള്ളതു കൊടുക്കാൻ കൂടുതൽ തുക വേണം. അതിനു കുറെ പ്രയാസമുണ്ട്. റിബേറു ബാക്കിവല്ലതും കൊടുക്കേണ്ടതായിട്ടുണ്ടെങ്കിൽ അതിനു വേണ്ടി ഉടനെ നടപടി നടത്തുന്നതാണ്.

ശ്രീ. പി. ഗോപാലൻ : ഈ ഹാൻറ്ലൂം സൊസൈറ്റികൾ പൗവ്വർലൂംസ് ഏറെറടുത്തതുകൊണ്ടാണ് അവർക്കു ഇന്നു കൂടുതൽ സാമ്പത്തികബാദ്ധ്യതകൾ വരാൻ കാരണം എന്നുള്ളതിനെ പരിഗണിച്ചു ഈ പൗവ്വർലൂംസ് നടത്തിവരുന്നതുകൊണ്ടുള്ള കഷ്ടനഷ്ടങ്ങളെ പരിഗണിച്ചു അവർക്കു തവണകൾ അടയ്ക്കുന്ന കാര്യത്തിൽ കൂടുതൽ അവധികൾ അനുവദിച്ചു കൊടുക്കുന്നതിനു ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : പഴവ്വർല്യംസ് എസ്റ്റേറ്റിലുള്ള സൊസൈറ്റികൾക്ക ആ പഴവ്വർല്യം സിൻെറ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്. അവർക്ക സംഖ്യ മടക്കി അടയ്ക്കുന്നതിനുള്ള തവണകാലു നീട്ടിക്കൊടുക്കുന്ന കാര്യം ഗവണ്മെൻറ് പരിഗണിക്കുന്നതാണ്.

കൃഷിഭൂമികൾ അളന്നു തിട്ടപ്പെടുത്തൽ

* 891. [32] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴത്തോപ്പ്, കൈതപ്പാറ, മണ്ണൂർക്കാട്, പുതുളി, കീരിത്തോട് മുതലായി തൊടുപുഴതാലൂക്കിലെ വനത്തിലെ കൃഷിഭൂമികൾ ഇന്നു് അളന്നു തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണോ ;

(ബി) അതിർത്തി നിശ്ചയിക്കുന്നതിനു് പുതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണു് ;

(സി) പുതലപ്പെട്ട ഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിൽ പുറം അതിർത്തികൾ എങ്കിലും നിണ്ണയിക്കുവാൻ പ്രത്യേകം നിർദ്ദേശം നൽകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) അതേ.

(ബി) തൃശ്ശൂർ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ബന്ധപ്പെട്ട ഡി. എഫ്. ഒ. എന്നിവരാണു്.

(സി) നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീമതി കുസുമം : ഇങ്ങനെ സർവ്വേ ചെയ്യുന്ന അവസരങ്ങളിൽ സർവ്വേ പാർട്ടിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ഹാജരില്ലാതിരിക്കുന്നതുകൊണ്ടു് സർവ്വേ പാർട്ടി മറുകൃഷിസ്ഥലങ്ങൾ പലതും വനഭൂമിയ്ക്കുകത്താക്കിയും താൽപര്യമുള്ളവരുടെ കൈവശമിരിക്കുന്ന ഭൂമി അവരുടെ കൈവശത്തിൽ കൊടുക്കുന്നരീതിയിലുമാണു് പുറം അതിർത്തികൾ സർവ്വേ ചെയ്യുവരുന്നതു്. അതുകൊണ്ടു് ഇതിനു പുതലപ്പെട്ട ഉദ്യോഗസ്ഥൻ ആരെങ്കിലും ഒരാളുടെ മേൽനോട്ടത്തിൽ പുറം അതിർത്തി നിർണ്ണയിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അങ്ങിനെ പൊതുവായ നിർദ്ദേശം കൊടുത്തിട്ടുണ്ടു് demarcation ൻെറ പുതലം മുൻപറഞ്ഞ ഉദ്യോഗസ്ഥന്മാർക്കാണു്. അവരുടെ നിർദ്ദേശപ്രകാരവും മേൽനോട്ടത്തിലുമാണു് അതിർത്തി നിശ്ചയിക്കുന്നതു്.

PAPERS LAID ON THE TABLE †

Chief Minister (Shri R. Sankar) : Sir, I lay on the Table a copy of Notification G. O. (P No. 684/63/Edn. dated 8th October, 1963, issued by the Government under Section 36 of the Kerala Education Act, 1958 (Act6 of 1959) containing amendment to the Kerala Education Rules, 1959.

Minister for Industries and Local Administration : (**Shri K. A. Damodara Menon**) : Sir, I lay on the Table a copy of the Seventeenth Annual Report and Accounts of the Forest Industries (Travancore) Limited, Alwaye for the year ended 31st Mach 1963 together with the review of the working of the Comapany for the said period.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly